# കൊറോണാവതാരം

ലോക ജനതയെ ആകമാനം മുൾമുനയിൽ നിർത്തി, മനുഷ്യജീവനെ കാർന്ന് തിന്നുന്ന കൊറോണ എന്ന മഹാ വിപത്തിനെ നേരിടാനുള്ള പരിശ്രമത്തിലാണ് നാം ഇന്ന്. ശാസ്ത്ര സാങ്കേതിക ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ വൻ കുതിച്ച് ചാട്ടങ്ങൾ നടത്തി, പുരോഗതിയുടെ പടവുകൾ ചവിട്ടി കയറുന്ന മനുഷ്യനെ, നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ പോലും സാധിക്കാത്ത ഒരു സൂക്ഷ്മ ജീവി തളച്ചിടുന്ന ഭയാനകമായ അവസ്ഥയാണ് ഇന്നുള്ളത്.

ഒരു തരത്തിൽ പറഞ്ഞാൽ ഇത് പല അഹങ്കാരങ്ങൾക്കും കിട്ടിയ തിരിച്ചടിയായി കൂടി കാണാം. മഹാ ജ്ഞാനത്തിന്റെ കൊടുമുടി കയറിയെന്ന് കരുതിയ മനുഷ്യൻ, നിരവധി വർഷങ്ങളുടെ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ രൂപപ്പെട്ട ഭാരതത്തിന്റെ സംസ്കാരവും, അതിന്റെ ഭാഗമായി കൈമാറിക്കിട്ടിയ പാരമ്പര്യ ശീലങ്ങളും പുച്ചിച്ചു തള്ളാൻ യാതൊരുവിധ സങ്കോചവും കാണിച്ചിരുന്നില്ല. പഴമയുടെ പ്രതീകങ്ങളായ നന്മ നിറഞ്ഞ പല കാര്യങ്ങളും തന്റെ ‘ സ്റ്റാറ്റസിന് ’ ചേരില്ലെന്ന് കണ്ടു നിഷ്കരുണം അവഗണിച്ചു.

പുരാണ കഥകളിൽ പ്രതിപാതിക്കും പോലെ അഹങ്കാരത്തിനു തിരിച്ചടി നൽകാൻ ഒരു അവതാരം രൂപമെടുക്കുകതന്നെ ചെയ്യും. അത്തരത്തിൽ ഒരു അവതാരം വന്നപ്പോൾ കോടീശ്വരന്മാർക്ക് പോലും മരണശേഷം അവരുടെ മൃതദേഹം അടക്കാൻ ആറടി മണ്ണ് ലഭിക്കാൻ അവസരം കാത്ത് നിൽക്കേണ്ടി വന്നു. വെട്ടിപ്പിടിച്ചതൊന്നും ഉപകാരപ്പെടാത്ത നിസ്സഹായാവസ്ഥ സംജാതമായി

മണ്മറഞ്ഞു പോയ പഴയ ശീലങ്ങൾ ജീവൻ നിലനിർത്താൻ അത്യാവശ്യമാണ് എന്ന തിരിച്ചറിവ് മനുഷ്യനിൽ ഉണ്ടായി. കൊറോണ പലതിന്റെയും നാശത്തിനു മാത്രമല്ല നന്മയുടെ പുനർനാമ്പുകളെ ജീവിപ്പിക്കുന്നതിനു കൂടി കാരണമായി.

ഭാരതീയ സംസ്കാരത്തിന്റെ പ്രതീകമായിരുന്നു, ഒരാളെ കാണുമ്പോൾ കൈ കൂപ്പിക്കൊണ്ട് നമസ്തേ പറഞ്ഞു അഭിസംബോധന ചെയ്യുക എന്നത്. വിദേശ രാജ്യങ്ങളിൽ ഇതിനു ഹസ്തദാനം, ചുമ്പനം, ആലിംഗനം എന്നീ രീതികളാണ് തുടർന്ന് പോന്നിരുന്നത്. അങ്ങിനെ ആ അക്കരപ്പച്ച ഇവിടെയും സ്വീകരിക്കപ്പെട്ടു. കൈ കൂപ്പൽ ആലിംഗനത്തിനു വഴിമാറി. ചാനലുകളും റിയാലിറ്റി ഷോകളും സ്ത്രീ-പുരുഷ ഭേദമന്യേയുള്ള ആലിംഗനത്തെ അലങ്കോലമാക്കി. എന്നാൽ കൊറോണ വന്നപ്പോൾ സാമൂഹിക അകലം പാലിച്ച് ഒരു മീറ്ററെങ്കിലും അകന്നു നിന്ന് കൈ കൂപ്പി അഭിവാദ്യം ചെയ്യുന്ന രീതി വിദേശ രാജ്യങ്ങൾ പോലും ഏറ്റെടുത്തു. ആ സംസ്കാരത്തിന്റെ പ്രസക്തിയും ആവശ്യകതയും ലോകത്തിനു മുന്നിൽ വെളിവായി.

അതുപോലെ വ്യക്തിശുചിത്വം പഴയകാല സംസ്കാരത്തിന്റെ മുഖമുദ്രയായിരുന്നു. പുറത്ത് പോയി വന്നാൽ കുളത്തിൽ പോയി കുളിച്ച ശേഷമോ ഉമ്മറത്തിരിക്കുന്ന കിണ്ടിയിലെ വെള്ളത്തിൽ കാലും മുഖവും കഴുകിയോ ആണ് വീട്ടിനുള്ളിൽ കയറിയിരുന്നത്. കാലത്തിന്റെ കുത്തോഴുക്കിൽ അത്തരം ശീലങ്ങളും ഒഴിവാക്കപ്പെട്ടിരുന്നു. എന്നാൽ കൊറോണയെ തടയാൻ ഈ ശീലത്തെയും വീണ്ടു സ്വീകരിക്കേണ്ടതായി വന്നു. പുറത്തുപോയി വന്നാൽ കൈകാലുകൾ ശുചിയാക്കാതെ

വീട്ടിനുള്ളിൽ പെരുമാറാൻ ആർക്കും ധൈര്യമില്ലാതായി. അങ്ങിനെ ശുചിത്വപൂർണ്ണമായ വീടിന്റെ വാതിലുകൾ കൊറോണക്ക് മുൻപിൽ കൊട്ടിയടക്കപ്പെട്ടു.

കൊറോണയെ ചെറുക്കാൻ സർക്കാർ മുന്നോട്ട് വെച്ച ആശയം ആയിരുന്നു സമ്പൂർണ അടച്ചിടൽ. ഇതിന്റെ ഭാഗമായി വീട്ടിലിരിക്കാൻ അവസരം കിട്ടിയപ്പോൾ അവിടെയും വന്നു നിരവധി മാറ്റങ്ങൾ. പലർക്കും ഇത് വീടിനെയും വീട്ടുകാരെയും ശരിക്കൊന്നു കാണാനുള്ള സന്ദർഭമായി. സമയത്തെ കൈപ്പിടിയിൽ ഒതുക്കാനുള്ള വ്യഗ്രതയിൽ ആസ്വദിക്കാൻ മറന്നുപോയ പലതും ആസ്വദിക്കാനുള്ള അവസരമായി. വീട്ടുകാരോട് മുഖാമുഖം സംസാരിക്കാനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനും സ്നേഹം പങ്കു വെക്കാനും ആവോളം സമയം ഒരുക്കിക്കൊടുത്തു ഈ കാലഘട്ടം.

കുടുംബത്തോടൊപ്പം ചിലവഴിക്കുന്ന സമയങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനുള്ള നൂതന ആശയങ്ങൾ അന്വേഷിച്ച് പലരും കാർഷിക വൃത്തിയിലേക്കും തിരിഞ്ഞു. പുറത്തുപോയി ഭക്ഷണം കഴിക്കുന്ന രീതി മാറി. ഫാസ്റ്റ് ഫുഡ് ശീലങ്ങൾ ഇല്ലാതായി. പകരം സ്വന്തം മണ്ണിൽ ഉണ്ടായ ജീവനുള്ള ഭക്ഷ്യവസ്തുക്കളുടെ രുചി തിരിച്ചറിഞ്ഞു. അവക്ക് പുതിയ രൂപ ഭാവങ്ങൾ നൽകി അത് സുഹൃത്തുക്കളുമായി പങ്കുവെച്ചു. അങ്ങിനെ ശരീരത്തിന് ഹാനികരമായ വസ്തുക്കൾക്ക് പകരം പോഷക സമൃദ്ധമായ ഭക്ഷണം എന്ന തിരിച്ചറിവിലേക്കെത്തി. അങ്ങിനെ ആർക്കും വേണ്ടാതിരുന്ന ചക്ക അടുക്കളയിലെ സൂപ്പർ സ്റ്റാർ ആയി തിളങ്ങി.

ഇങ്ങനെ തിരിച്ചറിവിന്റെ പാഠങ്ങൾ മനുഷ്യനെ പഠിപ്പിക്കാനും, പഴമയുടെ നന്മ അംഗീകരിക്കാൻ അവനെ പ്രാപ്തനാക്കാനും കൊറോണ എന്ന അവതാരത്തിനു സാധിച്ചു. മനുഷ്യ രാശിയുടെ നാശത്തിനു മാത്രമാണോ ഈ കിരീട ശക്തി അവതരിച്ചത് എന്ന് സംശയിക്കേണ്ട അവസ്ഥ. എങ്കിലും അവതാര ലക്ഷ്യം പൂർത്തീകരിക്കാൻ ഇനിയും സംഹാര താണ്ഡവങ്ങൾ എത്രയേറെ ആടിത്തീർക്കാനുണ്ടാകും എന്ന ഭയാശങ്കയിൽ നന്മയുടെ ദീപങ്ങൾ തെളിയിച്ച് പ്രാർത്ഥിക്കാം, നല്ലൊരു നാളെക്കായി.

**ശ്രീലക്ഷ്മി യു. വർമ്മ**
കൗസ്തുഭം, മേലാറ്റൂർ പി.ഒ, മലപ്പുറം ജില്ല
ഫോൺ : 8593906970